പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1211 — 12/07/2011 ൽ മറുപടിക്ക്

പി.എസ്.സി.റാങ്ക് ലിസ്റ്റുകൾ

**ചോദ്യം:**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. റ്റി.എൻ. പ്രതാപൻ
ശ്രീ.പി.സി. വിഷ്ണുനാഥ്

(എ) പി.എസ്.സി. യിൽ ഒഴിവുള്ള മുഴുവൻ ഒഴിവുകളും നികത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) വിരമിക്കൽ തീയതി ഏകീകരിച്ചതിനെത്തുടർന്ന് റാങ്ക് ഹോൾഡേഴ്സിന് ഉണ്ടാകുന്ന ആശങ്കകൾ അകറ്റുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസംവരെയുള്ള ഒഴിവുകൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ)യും (ബി)യും (സി)യും നടപ്പു സാമ്പത്തിക വർഷത്തിൽ 31.3.2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ, എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റാങ്ക്ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കേണ്ടത് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ